## പലിശരഹിത നിധി
# കൂരിരുട്ടിലെ മെഴുകുതിരികൾ

**അഹ്മദ് കൊടിയത്തൂർ**

'കൊലപാതകം: മൂന്നു പ്രതികളും പിടിയിൽ' പത്രത്തിൽ വന്ന ഈ വാർത്തയിലൂടെ വെറുതെ കണ്ണോടിച്ചു നോക്കി. ആട്ടോറിക്ഷയുടെ ആർ.സി. പണയപ്പെടുത്തി വാങ്ങിയ ഒരു നാടൻ ഹുണ്ടിക ഇടപാടിനെ സംബന്ധിച്ച വാക്കേറ്റമാണ് കൊലപാതകത്തിൽ കലാശിച്ചത്. ആർ.സി. പണയപ്പെടുത്തി 4000 രൂപ വാങ്ങിയ ആട്ടോറിക്ഷ ഡ്രൈവർ 6000 രൂപ അടച്ചിട്ടും കടം വീടിയിരുന്നില്ല. 4000 രൂപ കൂടി കിട്ടണമെന്ന് പറഞ്ഞാണ് വാക്കേറ്റം നമ്മുടെ ദേശസാൽകൃത ബാങ്കുകളും സർക്കാർ വികസന പദ്ധതികളും സബ്സിഡിയും വായ്പാ ഇളവുകളും എല്ലാം നിലനിൽക്കെ തന്നെ സാധാരണക്കാരും താഴെക്കിടയിലുള്ളവരും ഇന്നും നാടൻ ഹുണ്ടികക്കാരുടെയും ബ്ലേഡ് കമ്പനികളുടെയും തമിഴ് ചെട്ടികളുടെയും ദയാദാക്ഷീണ്യത്തിൽ തന്നെയാണ് കഴിഞ്ഞു കൂടുന്നത് എന്ന് വർത്തമാന സാഹചര്യത്തിൽ ഇത്തരക്കാരുടെ തഴച്ചുവളരൽ കാണുമ്പോൾ വ്യക്തമാകും.

പണം കൊടുക്കാനുള്ള വിപുലമായ ശൃംഖല അത് കയ്യൂക്ക്കൊണ്ട്തന്നെ പിടിച്ചെടുക്കാൻ പറ്റിയ ചട്ടമ്പികളുടെനിര -ഇത്തരം വിപുലമായ സാമ്പത്തിക സാമ്രാജ്യങ്ങൾ നമ്മുടെ സമ്പദ്‌രംഗത്തെ ഗ്രസിച്ചു കഴിഞ്ഞിരിക്കുന്നു.

ഈ സാഹചര്യത്തിലാണ് കേരളത്തിലങ്ങോളമിങ്ങോളം ജമാഅത്തെ ഇസ്‌ലാമി രൂപംകൊടുത്ത പലിശരഹിത നിധികളുടെ പ്രസക്തി ബോധ്യമാവുക. തിരുവനന്തപുരം തൊട്ട് കാസർകോട് വരെ ചെറുതെങ്കിലും 116 പലിശരഹിത നിധികൾ ജമാഅത്തെ ഇസ്‌ലാമിയുടെ കീഴിൽ നടന്നുവരുന്നുണ്ട്. അവയിൽനിന്ന് അരക്കോടിയോളം രൂപയുടെ സാമ്പത്തിക വിനിമയം നടക്കുന്നതായി കണക്കാക്കുന്നു. കോടികൾ തുലച്ചുകൊണ്ടുള്ള നമ്മുടെ തകർപ്പൻ ബജറ്റുകൾക്കു മുമ്പിൽ ഈ ഉണങ്ങിയ അരക്കോടി ഒന്നുമായിരിക്കില്ല. എങ്കിലും ഇതൊരു വ്യതിയാനമാണ്. ആശയുടെ ഒരു തിരിനാളം.

എഴുപതുകളിലാണ് കേരളത്തിലെ പലിശരഹിത സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചതെന്നാണ് മനസ്സിലാകുന്നത്. ഇവയിൽ തുടക്കക്കാരൻ 1969-ൽ കൂട്ടിലങ്ങാടിയിൽ ആരംഭിച്ച മുസ്‌ലിം വെൽഫയർ സൊസൈറ്റിയാണെന്ന് കരുതപ്പെടുന്നു. പിന്നീട് പല ഭാഗങ്ങളിലും അത്തരം നിധികൾ വളർന്നുവന്നു. ഇന്നിപ്പോൾ കോടൂർ, കൊടുവള്ളി, കൊടിയത്തൂർ എന്നിവിടങ്ങളിലുള്ള നിധികൾക്ക് ഒരു ലക്ഷത്തിനു മുകളിൽ മുതൽമുടക്കുണ്ട്. രാമനാട്ടുകര, കൊണ്ടോട്ടി, മൊറയൂർ, കടന്നമണ്ണ, കൂട്ടിലങ്ങാടി, ശാന്തപുരം, തിരൂർ, പൊന്നാനി, മാറഞ്ചേരി, തൃശൂർ, ഏരിയാട്, അഴീക്കോട്, ആലത്തൂർ, കടപ്പൂർ, എടവിലങ്ങ്, കൊച്ചനൂർ, മുതുവട്ടൂർ, നീർക്കുന്നം എന്നിവിടങ്ങളിലെ നിധികൾ 25000ത്തിന് മുകളിൽ മൂലധനമുള്ളവയാണ്.

പടന്ന, കണ്ണൂർ, പാലേരി, നന്മണ്ട, ഓമശ്ശേരി, കരുവമ്പോയിൽ, കുന്ദമംഗലം, ചേന്ദമംഗലൂർ, കോഴിക്കോട് ടൗൺ, പുത്തൂർ പള്ളിക്കൽ, തവനൂർ, പട്ടർകുളം, കുന്നക്കാവ്, താനൂർ, പറപ്പൂർ, കൊടിഞ്ഞി, ചങ്ങരംകുളം, മാത്തോട്ടം, അയിരൂർ, മാരക്കാട്, കോങ്ങാട്, കാരക്കാട്, കൂളിമുട്ടം, മുവാറ്റുപുഴ, എറണാകുളം എന്നിവിടങ്ങളിൽ 10,000 ത്തിനു മുകളിൽ മൂലധനമുണ്ട്. ബാക്കിവരുന്ന 69 ഓളം നിധികൾ പതിനായിരത്തിന് താഴെ മൂലധനമുള്ളവയാണ്.

ജമാഅത്തെ ഇസ്‌ലാമി ഏരിയാടിസ്ഥാനത്തിൽ നോക്കുമ്പോൾ കൂടുതൽ നിധകളുള്ളത് കോഴിക്കോട്(7), മങ്കട(6), കൊണ്ടോട്ടി(5), കൊടുങ്ങല്ലൂർ(5), ആലുവ(5), പറവൂർ(5) എന്നിവിടങ്ങളിലാണ്. എന്നാൽ കൊടുങ്ങല്ലൂർ, കൂട്ടിലങ്ങാടി, മലപ്പുറം, കൊടിയത്തൂർ, കൊടുവള്ളി എന്നീ ഏരിയകളാണ് മൂലധന സംഖ്യയുടെ കാര്യത്തിൽ മുന്നിട്ട് നിൽക്കുന്നത്.

**പ്രശ്നങ്ങൾ പ്രയാസങ്ങൾ**

കേരളത്തിലെ പലിശ രഹിത സംരംഭങ്ങൾക്ക് ജമാഅത്തെ ഇസ്‌ലാമി തുടക്കം കുറിച്ചുവെങ്കിലും അവ പ്രശ്നങ്ങളിൽ നിന്നന്യമല്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾ മാത്രമേയുള്ളൂ.

ധർമസ്ഥാപനം എന്ന നിലക്കാണ് പലതും നിലനിൽക്കുന്നത്. ആരോഗ്യകരമായി മുതലിറക്കാവുന്ന ഒരു സാമ്പത്തിക സ്ഥാപനം എന്ന നിലക്ക് അവ ഉയർന്നു നിൽക്കുന്നില്ല. ജനങ്ങളുടെ സമ്പാദ്യബോധത്തെ മുതലെടുക്കുന്നില്ല. ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾക്ക് പിന്തുണയായി നിലകൊള്ളുന്നുമില്ല.

നല്ല രീതിയിൽ നടക്കുന്ന പല പലിശരഹിത സംരംഭങ്ങളും നാടൻ കുറിയുടെ ചൈതന്യം സ്വീകരിച്ചുകൊണ്ടാണ് ഷെയർ സമാഹരണം നടത്തിയിരിക്കുന്നത്. ഡെയ്‌ലി കലക്ഷനും മറ്റും സ്വീകരിക്കുന്ന നിധികൾക്ക്

നല്ലൊരു സംഖ്യ മൂലധനമായി സ്വരൂപിക്കാൻ സാധിക്കുന്നുണ്ട്.

**രജിസ്ട്രേഷൻ**

പലിശ രഹിത സ്ഥാപനങ്ങളുടെ നിയമപ്രാബല്യമെന്താണ് എന്ന പ്രസക്തമായ ചോദ്യം നിധി നടത്തിപ്പുകാരെ വേട്ടയാടുന്നു. സർക്കാർ അനുമതിയില്ലാതെ ഒരു സാമ്പത്തിക സ്ഥാപനത്തിന് എത്രകണ്ട് മുന്നോട്ടു പോകാനാകും? 1981 മാർച്ചിൽ ഹൈദരാബാദിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാസമ്മേളനത്തിൽ ഇത് വിശദമായ ചർച്ചകൾക്ക് വിധേയമാക്കിയിരുന്നു. രണ്ട് രീതിയിൽ നമ്മുടെ പലിശരഹിത സംരംഭങ്ങൾക്ക് രജിസ്ട്രേഷൻ നേടാവുന്നതാണ്.

അതിലൊന്ന് കോ-ഓപറേറ്റീവ് സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്യാമെന്നതാണ്. ഈ ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്യപ്പെട്ട ബോംബെയിലെ ബൈത്തുന്നസ്ർ കോ-ഓപറേറ്റീവ് സൊസൈറ്റി 10,000 രൂപവരെ വായ്പ നൽകി വരുന്നു. കാൽ കോടിയോളം രൂപ അതിന്റെ മൂലധനമായുണ്ട്. കോ-ഓപറേറ്റീവ് സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്യപ്പെട്ടാൽ ലാഭം ഷെയറുടമകൾക്ക് വീതിക്കാം എന്ന സൗകര്യമുണ്ട്. സർക്കാർ മേൽനോട്ടവും അത്തരം സംരംഭങ്ങൾക്ക് ലഭിക്കും.

1890-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്യാം എന്നതാണ് മറ്റൊരു രീതി. ഈ രീതിയനുസരിച്ച് ലാഭവിഹിതം പങ്കുവെക്കാനാവില്ല. വ്യാപാര വ്യവസായങ്ങൾ നടത്തി ലാഭമുണ്ടാക്കുന്നത് തടസ്സമല്ല. എന്നാൽ സൊസൈറ്റികൾ ബാങ്കിംഗ് വ്യവസായം തുടങ്ങുന്നത്1949-ലെ ബാങ്കിംഗ് റഗുലേഷൻ വഴി നിരോധിക്കപ്പെട്ടതാണ്. അതിനാൽ സൊസൈറ്റി ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്താൽ നിക്ഷേപ പദ്ധതികൾ സ്വീകരിക്കുന്നതിൽ നിയമതടസ്സമുണ്ട്. സൊസൈറ്റി ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്ത സ്ഥാപനങ്ങൾ നിക്ഷേപങ്ങൾ സൊസൈറ്റി ലോണുകളാക്കി മാറ്റേണ്ടതാണ്.

സംസ്ഥാനങ്ങളിലെ മണി ലെൻടേഴ്സ് ആക്ടനുസരിച്ച് പണം കടംകൊടുക്കുന്നതിൽ നിയന്ത്രണങ്ങളുണ്ട്. എന്നാൽ സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്ത സ്ഥാപനങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല. സ്വർണ നിയന്ത്രണ ആക്ട് സ്വർണാഭരണങ്ങളുടെ സൂക്ഷിപ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതനുസരിച്ച് 2 കിലോഗ്രാമിൽ കൂടുതൽ തൂക്കമുള്ള ആഭരണങ്ങൾ സൂക്ഷിക്കുന്നതിൽ നിയമതടസ്സങ്ങളുണ്ട്. ബാർ, കെയ്ക്, ബിസ്കറ്റ് രൂപത്തിലുള്ള സ്വർണം സ്വീകരിക്കാൻപാടില്ല.

പലിശരഹിത സ്ഥാപനങ്ങൾ ഇൻകം ടാക്സിന്റെ പരിധിയിൽ പെട്ടുപോകാൻ സാധ്യതയുണ്ട്. സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്ട്രർ ചെയ്ത സ്ഥാപനങ്ങൾക്ക് 1961-ലെ ഇൻകം ടാക്സ് ആക്ടിന്റെ 12-ാം വകുപ്പ് പ്രകാരം ഇൻകം ടാക്സിൽനിന്ന് ഒഴിവാക്കി കിട്ടാനുള്ള അപേക്ഷ സമർപ്പിക്കണം. നേരത്തെ രജിസ്ട്രർ ചെയ്യുകയും കുറേകാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സൊസൈറ്റികൾ വരുമാന നികുതിയിൽ നിന്ന് ഒഴിവാക്കാൻ 1961-ലെ ഇൻകം ടാക്സ് ആക്ടിന്റെ 80(എ) വകുപ്പനുസരിച്ച് നീങ്ങേണ്ടതും താമസിച്ചതിന്റെ പേരിൽ മാപ്പിനുവേണ്ടി 1981-ലെ ഇൻകം ടാക്സ് ആക്ടിന്റെ വകുപ്പ് 10 ഉപവകുപ്പ് 23 അനുഛേദം സി. ഉപാനുഛേദം 5 എന്നിവ അനുസരിച്ച് അപേക്ഷിക്കേണ്ടതുമാണ്.

ചുരുക്കത്തിൽ വളയേറെ സാധ്യതയുള്ള ഒരു മേഖലയാണ് നമ്മുടെ മുമ്പിലുള്ളത്. പലിശ കഠിന പാപമായി കാണുന്ന ഒരു സമൂഹത്തിന് രാഷ്ട്രീയ സാമ്പത്തിക സമ്മർദ്ദങ്ങളിലൂടെ ഒരു പലിശരഹിത ബാങ്ക് എന്ന ആശം നേടിയെടുക്കാവുന്നതാണ്. ഇന്നത്തെ പ്രതികൂല സാഹചര്യത്തിൽ പോലും കേരളത്തിലെ ബാങ്കുകളിൽ 10 കോടിയോളം രൂപയുടെ പലിശ രഹിത നിക്ഷേപങ്ങളുള്ളതായി കണക്കാക്കപ്പെടുന്നു.

ഹൈദരാബാദിൽ ജമാഅത്തെ ഇസ്‌ലാമി ആറാം അഖിലേന്ത്യാ സമ്മേളനം ഒരു പലിശ രഹിത ബേങ്ക് സ്ഥാപിക്കാൻ ഇന്ത്യാ ഗവൺമെന്റിനോടാവശ്യപ്പെടുകയുണ്ടായി. സർക്കാർ അതിന് തയാറാവാത്ത പക്ഷം അങ്ങനെയൊന്ന് തുടങ്ങാൻ ജമാഅത്തെ ഇസ്‌ലാമിയെ അനുവദിക്കണമെന്നും അപേക്ഷിച്ചു. സർക്കാർ പച്ചക്കൊടി കാണിച്ചില്ല. സബ്സിഡിയുംപലിശയിളവുകളും കടാശ്വാസങ്ങളുമെല്ലാം വേണ്ട അളവിൽ നൽകുന്നുണ്ടെങ്കിലും പലിശയില്ലാതെ കടം കൊടുക്കുക എന്ന 'അത്യാചാരത്തി'ന് സർക്കാർ തയാറല്ല.

**ചില നിർദേശങ്ങൾ:**

അടിയന്തര സ്വഭാവമുള്ള ചില നടപടികൾ സ്വീകരിച്ചാൽ കേരളത്തിൽ ഇന്നു പ്രവർത്തിച്ചുവരുന്ന പലിശരഹിത നിധികളെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ സാധിക്കും. താഴെ കാണിച്ച നിർദേശങ്ങൾ അതിനായി സമർപ്പിക്കുന്നു

1. കേന്ദ്ര ബേങ്ക്: പ്രദേശിക നിധികളെ സാമ്പത്തികമായും ബുദ്ധിപരമായും സഹായിക്കാൻ ഒരു കേന്ദ്രനിധി സ്ഥാപിക്കണം. പ്രാദേശിക നിധികൾക്ക് വായ്പ നൽകുക, അവർക്ക് വേണ്ടി ബിസിനസ്സിൽ ഏർപെടുക, കണക്കുകൾ പരിശോധിക്കുക, നടത്തിപ്പിൽ പരിശീലനം നൽകുക എന്നിവ ഇതിന്റെ ബാധ്യതയായിരിക്കണം.

സാമ്പത്തിക വിദഗ്ധരടങ്ങുന്ന ഒരു ഗവേർണിംഗ് ബോർഡ് അതിനെ ഭരിക്കണം.

2. മഹല്ലടിസ്ഥാനത്തിൽ ബഹുജന പങ്കാളിത്തത്തോടെയായിരിക്കണം പലിശരഹിത നിധികൾ പ്രവർത്തിക്കുന്നത്. പ്രദേശത്തെ പൊതു സ്ഥാപനങ്ങളുടെയും മറ്റും നിക്ഷേപങ്ങൾ സുരക്ഷിതമായി സ്വീകരിക്കാൻ പറ്റിയ ഏർപാടുകൾ അതിന് കീഴിലുണ്ടായിരിക്കണം. ജനങ്ങളുടെ സമ്പാദ്യ ബോധം വളർത്താനും വരെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടുവരാനും നിധിക്ക് സാധിക്കേണ്ടതാണ്. ഒരു പ്രദേശത്ത് പ്രവർത്തിക്കുന്ന നിധികൾ അവിടത്തെ ജനങ്ങളുടെ പ്രധാന സാമ്പത്തികാശ്രയമായിരിക്കണം.

3. ഹ്രസ്വകാല വായ്പകൾക്ക് പുറമെ ദീർഘകാല വായ്പകൾ കൂടി കൊടുക്കാനുള്ള ഏർപ്പാടുകളുണ്ടായിരിക്കണം.

4. ജനങ്ങൾക്ക് വായ്പ കിട്ടാനുള്ള വ്യവസ്ഥകൾ ലളിതമാക്കണം.

5. ഓരോ പലിശരഹിത നിധിയുടെയും ഭാഗമായി നിർബന്ധമായും ആദായകരമായ സംരംഭങ്ങളുണ്ടായിരിക്കണം.

6. പലിശ രഹിത നിധികളുടെ ശരിയായ നടത്തിപ്പിന് പ്രയാസമായ സർക്കാർ നിയമങ്ങൾ മാറ്റം വരുത്തുന്നതിന് മുസ്‌ലിംകളുടെ സാമ്പത്തിക രാഷ്ട്രീയ സമ്മർദ്ദം ഉപയോഗപ്പെടുത്താൻ ഫലപ്രദമായി ശ്രമിക്കണം. ഇതിന് വേണ്ടി ഇസ്‌ലാമിക പ്രസ്ഥാനം ഫലപ്രദമായ നേതൃത്വം നൽകേണ്ടതാണ്.

കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയുടെ ആഭിമുഖ്യത്തിലുള്ള പലിശരഹിത സംരംഭങ്ങളുടെ ഏകദേശ ചിത്രം ഈ വിവരണത്തിൽനിന്നു കിട്ടും. ഇവയിൽ വിരലിലെണ്ണാവുന്നവ മാത്രമേ ആരോഗ്യകരമായ ചിത്രം നൽകുന്നുള്ളൂ. മറ്റുള്ളവ തുടങ്ങിയേടത്ത് നിന്ന് മുന്നോട്ടു പോവാനാവാതെ നിൽക്കുന്നതായാണ് കാണുന്നത്.

55,250 രൂപ മൂലധനം സ്വരൂപിച്ച കൊച്ചന്നൂരിലെ നിധി വരുമാന മാർഗമൊന്നും സ്വരൂപിക്കാനാവാത്തതിനാൽ പകുതിയോളം സംഖ്യ തിരിച്ചു നൽകി. ഇപ്പോഴ വരുടെ മൂലധനം 27,000 രൂപയാണ്. ഈ ഉദാഹരണം എടുത്തു ചേർത്തത് ഇത് മിക്കവാറും എല്ലാ നിധികളുടെയും പൊതുസ്വഭാവമായതുകൊണ്ടാണ്.. ലക്ഷങ്ങൾ ഒറ്റയടിക്ക് സ്വരൂപിക്കാൻ കഴിയുന്ന പല പ്രദേശങ്ങളും വരുമാനമാർഗം കണ്ടെത്താൻ കഴിയാത്തതിനാൽ റിലീഫ് സംരംഭം പോലെ ചെറിയ മൂലധനവുമായി പ്രവർത്തിക്കുന്നവയാണ്. 15,000 രൂപ മാത്രം മൂലധനമുള്ള ഒരു നിധിയുടെ അവസ്ഥ പഠിച്ചപ്പോൾ അറിഞ്ഞ വിവരം വരുമാന മാർഗമൊന്നും കണ്ടെത്താത്തതിനാൽ മൂലധനം മുഴുവൻ കടം കൊടുക്കാൻ വിനിയോഗിക്കുന്നു എന്നാണ്. നിക്ഷേപകർ അത്തരം നിധികളുടെ നേരെ അലസ മനോഭാവം പുലർത്തുന്നതോടൊപ്പം വർധിച്ചുവരുന്ന നാണ്യപ്പെരുപ്പത്തിൽ പെട്ട് അവ ശോഷിച്ചു വരികയും ചെയ്യുന്നു. അത്തരം നിധികളാണ് തുടങ്ങി ദശാബ്ദം പിന്നിട്ടിട്ടും

മുന്നോട്ടു പോകാനാകാതെ അന്തിച്ചു നിൽക്കുന്നത്.

ബിസിനസ് രംഗത്ത് ധീരമായ കാൽവെയ്പുകൾ നടത്താൻ കഴിയുന്ന നിധികൾക്ക് മൂലധന സ്വരൂപണത്തിന്റെ കാര്യത്തിലും വായ്പാ വിതരണത്തിന്റെ കാര്യത്തിലും വളരെയേറെ മുന്നോട്ടു പോകാൻ സാധിക്കുന്നുണ്ട്. അതിനുദാഹരണാണ് കൊടുവള്ളിയിലെ പലിശരഹിത 5510 രൂപ 20 പൈസ മാത്രമാണ് അവിടെ ഷെയർ സംഖ്യ! പക്ഷേ ഭാരവാഹികൾ ധീരമായ പല ബിസിനസ് സംരഭങ്ങൾക്കും തുടക്കം കുറിച്ചു. 25,000, 10,000 തുടങ്ങിയ സംഖ്യകളുടെ കുറികൾ, ടൈലറിംഗ് മെഷീൻ, മിക്സി എന്നിവക്കുള്ള ഇൻസ്റ്റാൾമെന്റ് സ്കീം, ഇത്യാദി മാർഗങ്ങളിലൂടെയവർ വരുമാന മാർഗം കണ്ടെത്തുന്നു. കുറികളുടെ ആദ്യ ഗഡുവും ഇൻസ്റ്റാൾമെന്റ് സ്കീമിലൂടെ വിതരണം ചെയ്യുന്ന വീട്ടുപകരണങ്ങളുടെ കമ്മീഷൻ തുകയും ചേർത്ത് മൂലധനം സ്വരൂപിക്കുന്നു. അങ്ങനെ 1,17,000 രൂപ നിധിക്ക് മൂലധനമായി സ്വരൂപിച്ചിട്ടുണ്ട്. കൂടാതെ മദ്രസാ വിദ്യാർഥികളിൽ സഞ്ചയികമാതൃകയിൽ ദാറുൽ അമാനത്ത് എന്ന പേരുള്ള നിക്ഷേപ സമാഹരണ രീതികളും അവർക്കുണ്ട്. കഴിഞ്ഞവർഷം 140 പേർക്കായി 79,435ക. വായ്പ ഈ നിധിയിൽ നിന്ന് നൽകുകയുണ്ടായി.

കൊടിയത്തൂർ ഏരിയാ ഇസ്‌ലാമിക സഹായനിധിക്ക് പടിപടിയായുള്ള വളർച്ചയുടെ കഥയാണ് പറയാനുള്ളത്. ആളുകളിൽനിന്ന് മാസാന്തം 10ക. വീതം സ്വീകരിച്ചുകൊണ്ട് 1977ലാണ് പ്രസ്തുത നിധിക്ക് തുടക്കം കുറിച്ചത്. 100കയുടെ ഒരു ഷെയറെങ്കിലുമുള്ളവരാണ് നിധിയുടെ അംഗങ്ങൾ. വർഷംതോറും തെരഞ്ഞെടുക്കുന്ന ഒരു ഭരണസമിതി നിധിക്കുണ്ട്. പ്രദേശത്തെ ജമാഅത്ത് ഏരിയയിലെ ജമാഅത്ത് ഘടകങ്ങളുടെ സംയുക്ത വേദിയായ കൊടിയത്തൂർ ഏരിയാ ഇസ്‌ലാമിക് സഹായനിധിയാണ് 500 ഓളം വരുന്ന ജനറൽ ബോഡിയിൽ നിന്ന് ഭണസമിതിയംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

പ്രവർത്തനമാരംഭിച്ച അതേ വർഷം തന്നെ ബിസിനസ് രംഗത്തേക്ക് കാലെടുത്തുവെച്ചു. മൊത്തം മൂലധനത്തിന്റെ 50% ബിസിനസിനുപയോഗിക്കണമെന്നാണ് ചട്ടം. വാടകപാത്രങ്ങളിൽ നിന്നായിരുന്നു തുടക്കം. ഒന്നാം വർഷം ബിസിനസിനുപയോഗിച്ച സംഖ്യയുടെ 36% ലാഭം ലഭിച്ചു. ഇങ്ങനെ ലാഭം കിട്ടുമെന്നു കണ്ടപ്പോൾ സ്വാഭാവികമായും ഷെയർ വർദ്ധിച്ചുവന്നു. ലാഭത്തിന്റെ 5% കിഴിവ് ബാക്കിയുള്ള നിക്ഷേപകർക്ക് കൊടുത്തയക്കുകയോ അവരുടെ കണക്കിൽ ചേർക്കുകയോ ചെയ്യുന്നു. അതിനാൽ ഷെയർ സംഖ്യ വർധിച്ചു വർധിച്ചു വന്നു. ഇന്ന് ഒരു ലക്ഷത്തി എഴുനൂറ്റി എഴുപത് രൂപ മൂലധനമായുണ്ട്. കഴിഞ്ഞവർഷം 300 പേർക്കായി 1,15,400 രൂപ വായ്പ നൽകാൻ സാധിച്ചു. ലാഭത്തിന്റെ 5%വും ബിസിനസായി ഉപയോഗിക്കുന്നവരുടെ സകാത്തും ചേർത്തുകൊണ്ട് ഒരു റിലീഫ് ഫണ്ട് നിധിയുടെ കീഴിലുണ്ട്. വർഷത്തിൽ പൊതു പരിപാടിയിലൂടെ റിലീഫ് വിതരണം നടത്തുന്നു. പലിശക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

ശരിയായി പ്രവർത്തിച്ചാൽ നാട്ടിനും നിക്ഷേപകർക്കും ഒരു ലാഭകരമായ ഏർപ്പാടാണ് പലിശ രഹിത സംരഭങ്ങളെന്നതിന്റെ മികച്ച ഉദാഹരണമാണ് കൊടിയത്തൂർ ഏരിയാ ഇസ്‌ലാമിക സഹായനിധി. തുടക്കത്തിൽ 100ക. ഷെയറെടുത്തവർ ഇന്ന് അത്രയും സംഖ്യ ലാഭമായി കൈപറ്റിക്കഴിഞ്ഞു. കൂടാതെ 10,000 കണക്കിൽ രൂപ പലിശയില്ലാതെ കടമെടുക്കാനും അവർക്ക് സാധിച്ചിട്ടുണ്ട്. മുസ്‌ലിം അമുസ്‌ലിം ഭേദമില്ലാതെ എല്ലാവരും നിധിയുടെ ഗുണഭോക്താക്കളാണ്.